# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.471

## 05-06-2018 ൽ മറുപടിക്ക്

## കിഫ്‌ബി ഫണ്ട് സമാഹരണം

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്‌ബിക്ക് ഫണ്ട് സമാഹരിക്കുന്നതിന് ബോണ്ടുകൾ ഇറക്കുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതുവഴി എത്ര തുക സമാഹരിച്ചു; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ്‌ബി നിധിയിലേക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട് . നിലവിൽ ജനറൽ ഒബ്ളിഗേഷൻ ബോണ്ടു വഴി 3500 കോടി രൂപ സമാഹരിക്കുന്നതിനും മസാല ബോണ്ടു വഴി 2 വർഷം കൊണ്ട് 5000 കോടിയും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ബോണ്ടുകൾ വഴി പണം സമാഹരിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | ഇന്ത്യയ്ക്ക് പുറത്തു നിന്നും പണം ശേഖരിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പ്രവാസി ചിട്ടി വഴി കിഫ്‌ബി ഫണ്ട് സമാഹരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ചിട്ടി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; | 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.. പൂർണ്ണമായും ഓൺ ലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി ചിട്ടിയുടെ സന്ദേശം |

| | |
|---|---|
| | ബന്ധപ്പെട്ടവരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.എഫ്.ഇ വഴി പ്രവാസികൾക്കായി ആരംഭിക്കുന്ന ചിട്ടിയെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമായുള്ള വെബ് സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റു അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ് വെയർ നിർമ്മാണം, പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമായിക്കൊണ്ടിരിക്കുകയുമാണ്. പ്രവാസി ചിട്ടി ഉടൻ ആരംഭിക്കും. |
| (ഡി) പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് റിസർവ് ബാങ്കിന്റെ അംഗീകാരം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ? | പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ചിട്ടി ആക്ട് പ്രകാരം റിസർവ് ബാങ്കുമായി കൺസൾട്ടേഷൻ ആവശ്യമാണ്. ഇതു സംബന്ധിച്ച് ആർ.ബി.ഐ യെ കൺസൾട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ